# മുന്നു നോമ്പിലെ നമസ്ക്കാരം

## മൂന്നാം മണി നമസ്ക്കാരം

( കൗമാ)

1. കർത്താവേ സങ്കടപൂർവ്വമായ അപേക്ഷയെ നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു. നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് ദയയും കരുണയും പാപമോചനവും ഞങ്ങൾ യാചിക്കുന്നു. നിനുവയക്കാരെപ്പോലെ ഞങ്ങളുടെ അപേക്ഷയെ നീ കൈക്കൊള്ളണമേ. നിന്നെ വിളിക്കുന്ന നിന്റെ ദാസൻമാരിൽ നിന്ന് നിന്റെ കോപത്തെ നീ നീക്കിക്കളയണമേ. ഉത്തമനും കരുണാപൂർണ്ണനുമായുള്ളോവേ നിന്റെ ആർദ്രകൃപയാൽ ഞങ്ങളോട് ദയവുണ്ടാകണമേ.

ബാറെക്മോർ

2. നാമെല്ലാവരും അപേക്ഷയെ സമർപ്പിച്ചു കൊണ്ട് കാരുണ്യവാനായ കർത്താവിനോട് യാചിക്കണം. ദൈവത്തിന്റെ വാതിൽ അതിൽ മുട്ടുന്നവന് തുറക്കപ്പെട്ടിരിക്കയാൽ യാചനയിൽ നിന്നു നാം മടിയായിരിക്കരുത്. നിനുവയക്കാർ നിലവിളിച്ചപ്പോൾ അവരുടെ യാചനയെ കൈക്കൊണ്ട പ്രകാരം മിശിഹാതമ്പുരാനേ നിന്റെ ആർദ്രകൃപയാൽ ഞങ്ങളോട് ദയവുണ്ടാകണമേ.

മൊറിയോ റാഹേം…

### ബോവൂസാ

1. ഞങ്ങളുടെ നാഥനായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനു നീ എഴുന്നെള്ളി ഞങ്ങളുടെ അപേക്ഷയെ കേട്ട്

ഞങ്ങളുടെ ആത്മാക്കൾ മേൽ കരുണ ചെയ്യണമേ.

2. മാതാപിതാക്കളും മക്കളും കന്യകമാരും അവർക്ക് വിവാഹം നിശ്ചയിക്കപ്പെട്ടവരും വിശന്നിരുന്നു. മണവാളൻമാരുടെയും മണവാട്ടിമാരുടെയും കിരീടങ്ങൾ നീക്കിക്കളഞ്ഞു. ഭാര്യാഭർത്താക്കൻമാരുടെ നിലവിളി ഉയരത്തിലേക്ക് കരേറി. യുവതികൾ തങ്ങളുടെ തലകളിൽ ചാരം വിതറി. ബാല്യക്കാർ തങ്ങളുടെ മുഖങ്ങളിൽ കണ്ണുനീരും പൂഴിയും പൂശി.

3. വഴിതെറ്റിൽ നിന്ന് അവരെ തിരിപ്പിച്ച പിതാവിനു സ്തുതി. അനുതാപത്താൽ അവരെ കൈക്കൊണ്ട പുത്രനു വന്ദനം. എല്ലാ അനുതാപികളുടെയും രക്ഷയിൽ പ്രീതിപ്പെടുന്ന റൂഹായ്ക്കു സ്തോത്രം. ത്രിത്വരഹസ്യമായിരിക്കുന്ന താൻ വാഴ്ത്തപ്പെട്ടവനാകുന്നു. തനിക്ക് എല്ലാ വാകളിൽ നിന്നും നാവുകളിൽ നിന്നും സർവ്വപുകഴ്ചകളും ഉന്നതിയും വന്ദനവും എന്നേക്കും ഉണ്ടായിരിക്കട്ടെ.

4. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും ആയുള്ളോവേ! ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമേ.

കൗമാ

# ആറാം മണിയുടെ നമസ്ക്കാരം

കൗമാ

1. നിനുവയക്കാർ കണ്ണുനീരോടും സങ്കടത്തോടും നടത്തിയ അനുതാപം മൂലം കർത്താവ് അവരുടെ മേൽ കരുണ ചെയ്ത്, തൻറെ സ്കീപ്പാസായുടെ രക്തത്താൽ രക്ഷിച്ചിട്ടുള്ള തന്റെ ഇടവകമേലും ആട്ടിൻ കൂട്ടത്തിന്മേലും കരുണചെയ്യുമാറാകട്ടെ.

ബാറെക്മോർ

2. നിനുവയക്കാരിൽ നിന്നു ഭയങ്കര ന്യായത്തീർപ്പിനെ മായിച്ചു കളകയും താൻ ഉത്തമനാകുന്നുവെന്നു അറിയിക്കയും ചെയ്തവനായ കർത്താവേ, നീ നിന്റെ ആർദ്രദയയാൽ നിന്റെ ദാസരോട് ദയ ചെയ്യുകയും ക്രോധത്തിൽ നിന്നും ദോഷത്തിൽ നിന്നും ഞങ്ങളെ വീണ്ടു കൊള്ളുകയും ചെയ്യണമേ.

മൊറിയോ റാഹേം...

**ബോവൂസാ**

1. ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്ത് ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ.
2. കർത്താവേ നീതിയിൻ പ്രകാരമുള്ള ന്യായത്തിർപ്പിനെ നിനുവയക്കാരിൽ നിന്ന് നീ മായിച്ച പ്രകാരം നിന്റെ സഭയിൽ നിന്ന്ഭിന്നതകളെയും തർക്കങ്ങളെയും നീക്കിക്കളയണമേ!
3. പിതാവും, പുത്രനും, പരിശുദ്ധ റൂഹായുമായ സത്യേക ദൈവമേ! നിന്റെ ഇടവകയിൻ മേൽ നീ കരുണ ചെയ്യുകയും നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുകയും ചെയ്യുമാറാകണമേ!
4. പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനും യാചനകൾക്ക് ഉത്തരമരുളുന്നവനുമായുള്ളോവേ! ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങളോട് നിരപ്പായി നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ.

കൗമാ

# ഒമ്പതാം മണിയുടെ നമസ്ക്കാരം

കൗമാ

1. നിനുവയക്കാർ മഹാദുഖത്തോടെ ഉപവാസം നിശ്ചയിക്കുകയും ചാക്കു

ധരിക്കുകയും സങ്കടം പൂണ്ട് അപേക്ഷിക്കുകയും കർത്താവ് അവരോട് നിരപ്പാകയും ചെയ്തു. തന്റെ വാതിൽ അനുതാപികൾക്കായി തുറന്ന് അവരിൽ പ്രീതിപ്പെടുന്ന കാരുണ്യവാനായ കർത്താവിനോട് നാം അപേക്ഷിച്ച് യാചിക്കണം.

ബാറെക്മോർ

2. കർത്താവേ, നിനുവയക്കാരെ പോലെ നിന്റെ ഇടവകയും നിന്നെ നോക്കി വിളിക്കുന്നു. കരുണയും ദയവുമുള്ള നാഥാ, അതിന്റെ അപേക്ഷയെ നീ കൈക്കൊള്ളണമേ. നീതിപൂർവ്വമായ ന്യായത്തീർപ്പിനെ നീ മായിക്കണമേ. അതിന്റെ വീഴ്ചയെ ആഗ്രഹിക്കുന്ന സാത്താൻ സന്തോഷിക്കുമാറാകരുതേ.

മൊറിയോ റാഹേം…

**ബോവൂസാ**

1. പാപികളോട് കരുണ ചെയ്യുന്നവനായ കർത്താവേ! നീ ന്യായം വിസ്തരിക്കുന്ന ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ,
2. ശിശുക്കൾക്കും പൈതങ്ങൾക്കും പാലു നൽകാതിരുന്നു. മൃഗങ്ങളും ദുഖത്തോടെ നോമ്പാചരിച്ചു. രാജാവും പ്രജകളും പ്രധാനികളും വസ്ത്രങ്ങൾക്ക് പകരം ചാരം അണിഞ്ഞു.
3. കാരുണ്യവാനായ പിതാവിനും, ദയവാനായ പുത്രനും, വിമോചകനായ റൂഹായ്ക്കും സ്തുതി. ത്രിത്വരഹസ്യവും ഏക സ്വഭാവവുമായ തനിക്കു രണ്ടു ലോകങ്ങളിലും സ്തുതി.
4. മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായ കർത്താവേ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

(നിന്നെ പ്രസവിച്ച മാതാവിന്റെയും… ഇത്യാദി കൗമാ, വിശ്വാസപ്രമാണം, 40

കുമ്പിടീൽ എന്നിവ നടത്തി പതിവിൻ പ്രകാരം അവസാനിപ്പിക്കുന്നു)